**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 608** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്, ആരംഭിക്കാത്തവ എന്നിവ തരം തിരിച്ച് നൽകാമോ;

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പിനു കീഴിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷകാലയളവിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതികളിൽ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി:</u>**

1. പുളുന്തുരുത്ത

2. AK നഗർ

3. കൽപന ഗ്രാമം

**<u>കോർപ്പസ് ഫണ്ട് പദ്ധതി :</u>**

1. വാലിക്കോണം വയ്യാലിൽ കോളനി ഫുഡ്പാത്ത് , പാർശ്വഭിത്തി നിർമ്മാണം.
2. പുത്തൻവിള കോളനി നടപ്പാത, സൈഡ് വാൾ, ഹാന്റ് റെയിൽ നിർമ്മാണം.
3. നെടിയ വിള കോളനി നടപ്പാത പാർശ്വഭിത്തി നിർമ്മാണം.
4. ആറാട്ടുകടവ് കുഴിയം റോഡ് പുനരുദ്ധാരണം.

ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതികളിൽ ആരംഭിക്കാത്ത പദ്ധതികൾ ഒന്നുമില്ല.

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നില്ല.

**(ബി)** സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികളുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** **<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**

1. വലിയവിള കൈപ്പറ്റുമുക്ക് (2024-25 പദ്ധതി) : - 2025 മാർച്ച് 8-ന് പ്രാഥമിക യോഗം നടന്നു. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ വ്യക്തിഗത ആനുകൂല്യങ്ങൾ 50%-ത്തിൽ കൂടുതൽ അധികരിച്ചതിനാൽ സാധൂകരണം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്.
2. വലിയ ഏലാനഗർ (2024-25 പദ്ധതി) : ഹൗസ് മെയിന്റനൻസിനായുള്ള നടപടികൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**